അതുംകൂടി മനസ്സിൽ വച്ചുകൊണ്ട് ഗവണ്മെൻറിനു് എന്തെല്ലാം ചെയ്യാമെന്നുള്ളതു ആലോചിച്ചു പ്രവത്തിക്കുന്നതാണു്. ഇൻഡ്യാഗവണ്മെൻറുമായും ആലോചന നടത്തുന്നുണ്ടു്.

കടലാക്രമണ നിരോധന പ്രവത്തനങ്ങൾ.

*67. [5] ശ്രീ. പി. എസ്സു്. കാർത്തികേയൻ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ നിരോധന പ്രവത്തനങ്ങൾക്കു വിദഗ്ദ്ധോപദേശം നൽകുന്നതിനു് ഒരു അമേരിക്കൻ ഇൻജിനീയരെ സംസ്ഥാനത്തു് വരുത്തിയിരുന്നോ;

(ബി) ആരാണു് വരുത്തിയതു്; ഈ ഗവണ്മെൻറോ, കേന്ദ്രഗവണ്മെൻറോ;

(സി) അദ്ദേഹം ഏതെല്ലാം പ്രദേശങ്ങൾ സന്ദർശിച്ചു;

(ഡി) എന്തെല്ലാം വിദഗ്ദ്ധോപദേശങ്ങളാണു് അദ്ദേഹം നൽകിയതു്;

(ഇ) കടലാക്രമണം ഉണ്ടായ സ്ഥലങ്ങളിൽ തുടർച്ചയായി മണലിട്ടു നിറയ്ക്കണമെന്ന ഉപദേശം അദ്ദേഹം നൽകിയോ; നൽകിയെങ്കിൽ

(എഫ്) മണൽ അടുത്തു സുലഭമായി കിട്ടാൻ സൗകര്യമുള്ള ചേത്തല, പള്ളിത്തോടു പ്രദേശത്തു കടലാക്രമണം ഉണ്ടായ സ്ഥലങ്ങളിൽ മണൽ ഇട്ടു നിറയ്ക്കുവാനുള്ള നിർദ്ദേശം പരീക്ഷിച്ചു നോക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) വരുത്തിയിരുന്നു.

(ബി) സംസ്ഥാനഗവണ്മെൻറിൻ്റെ ആവശ്യപ്രകാരം കേന്ദ്രഗവണ്മെൻറാണു് വരുത്തിയതു്.

(സി) അദ്ദേഹം കോവളം, വിഴിഞ്ഞം, തിരുവനന്തപുരം, അഞ്ചുതെങ്ങു്, പൂത്തുറ, കായിക്കര, നെടുങ്ങണ്ട, വെട്ടൂർ, ചിലക്കൂർ, വക്കലബീച്ചു്, തങ്കശ്ശേരി, തിരുമുല്ലവാരം, ആലപ്പുഴ, നീണ്ടകര, പൊന്മന, തോട്ടപ്പള്ളി, പുറക്കാടു്, സൈധി, മാനാശ്ശേരി, കണ്ണമാലി, വൈപ്പീൻ, ദ്വീപിൽപ്പെട്ട മാലിപ്പുറം, പഴങ്ങാടു്, കൊച്ചീതുറമുഖം, കോഴിക്കോടു്ബീച്ചു്, കൊയിലാണ്ടിബീച്ചു്, കൊല്ലംബീച്ചു്, തലശ്ശേരിബീച്ചു്, കണ്ണൂർ, എന്നിപ്രദേശങ്ങൾ സന്ദർശിച്ചു.

(ഡി) വിശദവിവരങ്ങളടങ്ങിയ † ലിസ്റ്റു മേശപ്പുറത്തുവച്ചിട്ടുണ്ടു്.

(ഇ) നൽകിയിട്ടുണ്ടു്.

(എഫ്) ഇല്ല. എന്നാൽ ഈ പദ്ധതി പുറക്കാടു് ഒരു മൈൽ ഒരു ഫർലാംഗു നീളം കടൽതീരത്തു് പരീക്ഷണാത്ഥം നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്സു്. കാത്തികേയൻ്: ഈ പ്രമുഖ വിദഗ്ദ്ധൻ എന്തെങ്കിലും പ്രത്യേകതരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇവിടെയുള്ള മെമ്പറന്മാർക്കു അതിൻ്റെ വിവരം നൽകുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: † ലിസ്റ്റു മേശപ്പുറത്തുവച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്സു്. കാത്തികേയൻ: സീവാൾ കെട്ടുന്നതിലും ഭംഗിയായ രീതിയിൽ കടലാക്രമണം തടയുന്നതിനുള്ള വല്ല നിർദ്ദേശവും ഈ വിദഗ്ദ്ധൻ നൽകുകയുണ്ടായോ?

† Appendix II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ: മണൽ തിട്ടകളുണ്ടാക്കിയും ബീച്ച്ഫിൽ നടത്തിയും കാലംതോറും പരിപോഷണം നടത്തിയും കടൽതീരം സംരക്ഷിക്കുക എന്നതാണ് പ്രധാനമായ നിർദ്ദേശം. കൂടാതെ നിർമ്മിച്ചുകഴിഞ്ഞ കരിങ്കൽഭിത്തിയുടെ മുന്നിലായി ബീച്ച്ഫിൽ നടത്തുക, കൂടാതെ ഇവിടെ നിലവിലുള്ള പുലിമുട്ടുകളുടെ ഇടക്ക് മണൽതിട്ടകളുണ്ടാക്കി അതു കൊല്ലംതോറും പരിപോഷിപ്പിക്കുക എന്നിവയാണ് അദ്ദേഹം നടപ്പാക്കിയിട്ടുള്ള നിർദ്ദേശങ്ങളിൽ പ്രധാനമായിട്ടുള്ളതു്. ഇങ്ങനെ മണൽ തിട്ടകളുണ്ടാക്കുന്നതുകൊണ്ടു് സീവാൾ കെട്ടുന്നതിനെക്കാൾ വളരെ അധികം പ്രയോജന മുണ്ടാകും എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പല വ്യത്യസ്ത നിർദ്ദേശങ്ങളും അദ്ദേഹം നൽകിയിട്ടുണ്ടു്. ഇതൊരു പ്രാരംഭ റിപ്പോർട്ടാണ്. ഇതു കേന്ദ്രഗവണ്മെന്റിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടു്. പുറക്കാട്ടിനും കൊല്ലത്തിനും ഇടയ്ക്കുള്ള റോഡിൽ 41-42 മൈലിനു പരീക്ഷണാർത്ഥം ഇതു നടപ്പാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. അതിലേക്കു് കേന്ദ്രഗവണ്മെന്റിന്റെ അനുമതിക്കുവേണ്ടി അപേക്ഷിച്ചിരിക്കുകയുമാണ്.

ശ്രീ. പി. എസ്. കാത്തികേയൻ: കേരളാ എം. പി. മാരുംകൂടി പങ്കെടുത്ത ഒരു ചർച്ചയിൽ സ്വീകരിച്ച ചേർത്തലമുതൽ പള്ളിത്തോട്ടവരെ മണൽ ഇട്ടു പരീക്ഷിക്കുന്നതു നന്നായിരിക്കുമെന്നുള്ള നിർദ്ദേശം കേന്ദ്രഗവണ്മെന്റു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: അങ്ങനെ നിർദ്ദേശിച്ചിട്ടുണ്ടു്. പക്ഷേ അതു നടപ്പിൽ വരുത്തുവാൻ, മണൽ ലഭിക്കുന്നതിനുള്ള സൌകര്യം, ഇതു തുടങ്ങിയാൽ അതിന്റെ മേൽനോട്ടം വഹിക്കുവാനുള്ള സൌകര്യം, കുറഞ്ഞ ചിലവു് ഈ കാര്യങ്ങളും കണക്കിലെടുക്കേണ്ടതുണ്ടു്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് പുറക്കാട് പരീക്ഷിച്ചുനോക്കാമെന്നു തീരുമാനിച്ചതു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: പുറക്കാട് ഡ്രെഡ്ജർകൊണ്ടുമണ്ണിടുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ചേർത്തലയിലെ മണ്ണു ഇതിലേയ്ക്കു് ഉപയോഗിക്കുന്നതു നന്നായിരിക്കും. അതുകൊണ്ടു് രണ്ടു പ്രയോജനമുണ്ടു്. ഒന്നാമതു ഇതിലേക്കു് ആവശ്യമുള്ളതു മണ്ണുകിട്ടും. രണ്ടാമതു ചേർത്തലയിൽ ഒന്നാംതരം വയലുകൾ ഉണ്ടാകും.

ശ്രീ. പി. പി. ഉമ്മർകോയ: പുറക്കാട് തോട്ടപ്പള്ളി സാൻഡ്ബാറിലെ മണ്ണു ഉപയോഗിക്കുവാനാണു് ഉദ്ദേശിച്ചിരിക്കുന്നതു്. കൊല്ലംതോറും ഇങ്ങനെ മണ്ണിട്ടു പരിപോഷിപ്പിക്കുകയെന്നുള്ളതാണ് പ്രധാന ഉദ്ദേശം. നമ്മുടെ കടലോരപ്രദേശത്തു പല സ്ഥലത്തും പെളിയാണു് ഉള്ളതു്. മണൽ അല്ല മണൽ സുലഭമായി കിട്ടുന്ന ദൂരപ്രദേശങ്ങളിൽനിന്നും മണൽകൊണ്ടുവന്നു നിറയ്ക്കുന്നതിനും കൊല്ലംതോറുമുള്ള മെയിന്റനൻസിനും എത്ര പൈലവു വരുമെന്നും അതുകൊണ്ടു എത്രമാത്രം പ്രയോജനം കിട്ടുമെന്നും ഉള്ളതൊക്കെ പരിശോധിച്ചറിയേണ്ടതാണ്. ഇപ്പോൾ പരീക്ഷണാർത്ഥമാണ് ഇതു ചെയ്യുന്നതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇപ്പോൾ പരീക്ഷിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ സംപ്രദായം അനുസരിച്ചു ഇതിന്റെ പൈലവിൽ എന്തെങ്കിലും കാര്യമായ വ്യത്യാസം വരുമോ?

ശ്രീ. പി. പി. ഉമ്മർകോയ: ഏകദേശം അഞ്ചുലക്ഷത്തോളം രൂപ ഈ ഒരുമൈൽ ദൂരത്തിനുവേണ്ടിവരും പഴയ സംപ്രദായമനുസരിച്ചു, കരിങ്കൽ കൊണ്ടു പുലിമുട്ടുകളും ഭിത്തിയും കെട്ടുന്നതിനു ഒരുമൈലിനു ഏകദേശം 15 ലക്ഷത്തോളം രൂപ വേണ്ടിവരുമെന്നാണ് ഉദ്ദേശിക്കുന്നതു്. അഞ്ചുലക്ഷം രൂപ ഒരു റഫ് എസ്റ്റിമേറാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: കടലോരപ്രദേശങ്ങളിൽ ഒരു തരം കൈതച്ചെടി വച്ചുപിടിപ്പിക്കുന്നതു കടലാക്രമണം തടയുന്നതിനു നല്ലതാണെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ: അങ്ങനെ എന്തെങ്കിലും ചെടിവച്ചു പിടിപ്പിക്കുകയാണെങ്കിൽ മണ്ണിനു കുറേക്കൂടി ദാഢ്യത കിട്ടുമെന്നുള്ള നിർദ്ദേശം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്. അതു അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിൻെറ പരിചിന്തനത്തിനു വിട്ടിരിക്കുകയാണു്. അവരുടെ അഭിപ്രായം അറിഞ്ഞതിനുശേഷം എന്തെങ്കിലും നടപടി സ്വീകരിക്കാം.

ശ്രീ. പി. നാരായണൻതമ്പി: കടലാൻെറ ഉള്ളിലേയ്ക്കു ചിലതരം സീവീഡുകൾ വിതച്ചാൽ അതു വളർന്നു കടലാക്രമണത്തെ തടയുന്നതിനു ഉപകരിക്കുമെന്നു വല്ല നിർദ്ദേശവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ? ജപ്പാനിലും മറ്റും അങ്ങനെ ഉണ്ടെന്നറിയുന്നു.

ശ്രീ. പി. പി. ഉമ്മർകോയ: വിദഗ്ദ്ധോപദേശം തരുന്നതിലേക്കായി ഇവിടെ വന്നിട്ടുള്ള മിസ്റ്റർ. ജോർജ്ജ് എം. വാട്ട്സ് അമേരിക്കയിലെ ഫെഡറൽ ബീച്ച് പ്രൊട്ടക്ഷൻ ബോർഡിൻെറ ഒരു വിദഗ്ദ്ധഇൻജിനീയരാണു്. അദ്ദേഹത്തിൻെറ അഭിപ്രായം ആർട്ടിഫിഷ്യൽ നിഷ്മെൻറു് കൊടുക്കണമെന്നുള്ളതാണു്. ശ്രീ തമ്പി പറഞ്ഞ അഭിപ്രായം എത്രത്തോളം പ്രായോഗികമാണെന്നുള്ളതു ഇപ്പോഴം പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ആർ. സുഗതൻ: പുറക്കാട്ടുഭാഗത്തുള്ള കടലിനു ആഴം കുറവായതുകൊണ്ടു മണ്ണുമാന്തി കപ്പൽ കൊണ്ടുവന്നു മണ്ണിടുന്നതോ തോട്ടപ്പള്ളി സ്പിൽവേയിൽനിന്നും മണ്ണു ഇടുന്നതോ ഏതാണു് ലാഭകരമെന്നു ഗവണ്മെൻറു നോക്കിയിട്ടുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: വ്യക്തമായി പരിശോധിച്ചിട്ടില്ല. എങ്കിലും അന്വേഷണത്തിൽ തോട്ടപ്പള്ളിയിൽനിന്നും മണ്ണിടുന്നതാണു് ലാഭകരം എന്നു തോന്നുന്നു.

കുത്തകപ്പാട്ടം, നിരോധനക്കരം ഇവ ഈടാക്കുന്നതിനുള്ള നിർദ്ദേശം

* 68. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തകപ്പാട്ടം, നിരോധനക്കരം ഇവ ഈടാക്കുന്നതിനു് എന്തെങ്കിലും നിർദ്ദേശം ഗവണ്മെൻറിൽനിന്നുംകൊടുത്തിട്ടുണ്ടോ;

(ബി) കൊല്ലം ഡിസ്ട്രിക്ടിൽ കുന്നത്തൂർ, കൊട്ടാരക്കര, പത്തനാപുരം എന്നീ താലൂക്കുകച്ചേരികളിൽനിന്നും കുത്തകപ്പാട്ടം, നിരോധനക്കരം ഇവ കുടിശ്ശികയുള്ളവക്കു് നോട്ടീസു് കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കളക്ടറുടെ നിർദ്ദേശപ്രകാരമാണോ നോട്ടീസു് കൊടുത്തിട്ടുള്ളതു്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഭൂമി പതിച്ചുകിട്ടുന്നതിനു് അർഹതയില്ലാത്തവരുടെ കാര്യത്തിൽ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

(ബി) നിലവിലുള്ള ഉത്തരവുകൾ അനുസരിച്ചു് കുടിശ്ശിക തരുന്നതിനു് ബാദ്ധ്യസ്ഥരായവക്കു നോട്ടീസു കൊടുത്തിട്ടുണ്ടു്.

(സി) മേൽ പറഞ്ഞപ്രകാരം നോട്ടീസു കൊടുക്കുന്നതിനു കളക്ടറുടെ പ്രത്യേക നിർദ്ദേശം ആവശ്യമില്ല. എന്നാൽ നിലവിലുള്ള ഉത്തരവുകൾക്കു് വിധേയമായി കുടിശ്ശികയുള്ള എല്ലാ തുകകളും പിരിക്കുന്നതിനു് എല്ലാ തഹസീൽദാർമാക്കും നിർദ്ദേശങ്ങൾ നൽകാറുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ഭൂമി പതിച്ചുകിട്ടുന്നതിനു് അർഹതയില്ലാത്തവരുടെ കാര്യത്തിൽ നിരോധനക്കരം ചുമത്താതിരിക്കുന്നതിനും അതിൽ കുടിശ്ശികയുണ്ടെങ്കിൽ അതിനു് നോട്ടീസുകൊടുക്കാതിരിക്കുന്നതിനും നിർദ്ദേശം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to starred question No.* 67 (5)]

Recommendations of Mr. George M. Watts made in his Preliminary Report to check sea erosion.

I. The five alternate methods of stabilising the shore along the coast suggested are :—

(a) Sand dike (comparable to a sand dune) with beach fill fronting the dike and periodic nourishment to maintain dike and beach to design dimesnsions.

(b) A sloping faced sea wall with beach fill fronting the sea wall and periodic nourishment of the beach to maintain design dimensions.

(c) A sloping faced seawall with groynes, the groyee compartments initially filled by artificial means and periodic nourishment to maintain design dimensions of the beach in the groyne system.

(d) A sloping faced sea wall, and

(e) Groynes with compartments initially filled by artificial means and periodic nourishment to maintain design dimensions of the beach in the groyne system.

II. A long range data collection programme and field studies for a minimum period of three years for designing any shore protection work on an overall plan for the State shore line, should be initiated as soon as possible.

III. Formulation of a Commission or Board by the Central Government to provide views and recommendations to State Governments on the overall planning and treatment of programmes to develop the most effective and economical solution to their coastal problems.

IV. Priority be given to the collection of field data on the location of inland sources of sand along the coast which could be readily transferred to the critical areas of erosion.

V. Construction of rubble sea wall be carried out in critical areas, utilising appropriate design of structure, height, slope and armourstone izes before the 1964 monsoon period.

VI. Gaps provided in the existing and newly constructed seawalls for fishermen to traverse their boats should be filled with sand to an elevation equal to the sea wall design.

VII. The construction of additional rubble groynes or repair of existing groynes not recommended unless an analysis clearly shows the groyne system will function to retain sufficient littoral drift to protect the back shore and not cause intolerable adverse effects to down drift shores.

VIII. When economical burrow areas of sand are located, a programme be undertaken to provide beach fill and nourishment. Initially one mile shore line be tried; and

IX. To procure an appropriate No. of the publication "Shore protection Planning and Design, Technical Report No. 4", prepared by the U. S. Army Corps of Engineers, Beach Erosion Board for guidance to the engineers of this State.

LIBRARY ARCHIVES Kerala Legislative Assembly